89 (1939) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന ആവശ്യം.

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ കുട്ടാലിടയിൽ ഒരു കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനത്തിന്മേൽ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തി വരുന്നു. എന്നാൽ, സർക്കാരിന്റെ പുതിയ വൈദ്യുതിനയം നടപ്പിലാക്കി കഴിഞ്ഞു മാത്രമേ പുതിയ ഓഫീസുകൾ ആരംഭിക്കുന്നതു സംബന്ധിച്ച തീരുമാനങ്ങൾ ബോർഡ് കൈക്കൊള്ളുകയുള്ളൂ.

90 (1940) വിദ്യുച്ഛക്തി ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ 30 വരെ സംസ്ഥാനത്ത് വിദ്യുച്ഛക്തി ചാർജിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുകയിൽ പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും എത്ര തുക ലഭിക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ സ്ഥാപനങ്ങൾ എത്ര തുക കുടിശ്ശിക വരുത്തി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 65,26,64,916 രൂപ ലഭിക്കാനുണ്ട്.

(ബി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

91 (1941) പഞ്ചായത്തുകളുടെ ഡെപ്പോസിറ്റ് വർക്കുകൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള പഞ്ചായത്തുകളുടെ ഡെപ്പോസിറ്റ് വർക്കുകൾ കെ.എസ്.ഇ.ബി. സുൽത്താൻ ബത്തേരി അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിൽ എത്ര എണ്ണം പൂർത്തീകരിച്ചു എന്നറിയിക്കാമോ;

(ബി) ഇനി എത്ര വർക്കുകൾ പൂർത്തീകരിക്കുവാനുണ്ട് എന്ന് അറിയിക്കുമോ; ഇവയുടെ പണി എന്ന് പൂർത്തിയാക്കുമെന്നും പൂർത്തിയാകാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly